**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1368 | 06.02.2020 -ൽ മറുപടിയ്ക്ക്

**കുമളി റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഇ.എസ്.ബിജിമോൾ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) 2016-17 സാമ്പത്തികവർഷത്തെ വാർഷിക ബജറ്റിൽ പീരുമേട് താലൂക്കിൽ അനുവദിച്ച റവന്യൂ ടവർ കുമളി വില്ലേജ് ഓഫീസിനോട് അനുബന്ധമായ സ്ഥലത്ത് നിർമ്മിക്കുന്നതിലേയ്ക്ക് സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പീരുമേട് റവന്യൂ ടവറും ഉൾപ്പെട്ടിട്ടുണ്ട്. തുടർ നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ജില്ലാതലത്തിലെ ഏകോപിച്ചുള്ള പ്രവർത്തന കേന്ദ്രം, മുല്ലപ്പെരിയാർ ഡാം നിലനിൽക്കുന്ന പ്രദേശം, അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ തേക്കടി ഉൾപ്പെടുന്ന പ്രദേശം, അന്തർസംസ്ഥാന സുഗന്ധ വ്യഞ്ജന വ്യാപാര കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശം എന്നീ പ്രാധാന്യങ്ങളെല്ലാമുള്ള തമിഴ് നാടിനോട് ചേർന്നുള്ള | (ബി) ഉണ്ട്. |

സംസ്ഥാനത്തെ പ്രധാനപ്പെട്ട അതിർത്തി പട്ടണമായ കുമളിയിൽ വിവിധ സർക്കാർ ഓഫീസുകൾ പരിമിതമായ സൗകര്യങ്ങളിൽ വാടക കെട്ടിടങ്ങളിലോ പഞ്ചായത്തിന്റെ താൽക്കാലിക സൗകര്യങ്ങളിലോ ആണ് പ്രവർത്തിച്ചുവരുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ഈ ഓഫീസുകൾ ഒരു കുടക്കീഴിലാക്കി മാറ്റുവാൻ കഴിയുന്ന കുമളി റവന്യൂ ടവർ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**